# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ജനുവരി 10, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ഇ–വേബിൽ കേരളത്തിൽ ജനുവരി 12 മുതൽ.

തിരുവനന്തപുരം: രാജ്യത്തെ വാണിജ്യ ചരക്ക് നീക്കത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന ഇ–വേബിൽ സംവിധാനം കേരളത്തിൽ ജനുവരി 12ന് പ്രവർത്തനക്ഷമമാകും..

അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് ഫെബ്രുവരി ഒന്ന് മുതൽ രാജ്യത്തൊട്ടാകെ നടപ്പക്കുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിലാണ് ജനുവരി 12 മുതൽ കേരളത്തിൽ നടപ്പിൽ വരുന്നത്. ഇ–വേബിൽ നിയമപരമായ ഉത്തരവാദിത്വം ആകുന്നതിന് മുൻപുതന്നെ പുതിയ സംവിധാനം വ്യാപാരികൾക്ക് പരിചയിക്കുന്നതിനാണ് ജനുവരി 12ന് തന്നെ കേരളത്തിൽ ആരംഭിക്കുന്നത്. നിലവിൽ ഉള്ള സംവിധാനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഇ–വേബിൽ സംവിധാനത്തിൽ വ്യാപാരി വെളിപ്പെടുത്തുന്ന ചരക്കു നീക്ക വിവരങ്ങൾ വെരിഫിക്കേഷൻ കൂടാതെ തന്നെ മൂല്യമുള്ള രേഖയായി മാറുന്നു. ചരക്ക് വിൽക്കുന്ന ആളിനാണ് ഇ–വേബിൽ സംവിധാനത്തിൽ വിവരങ്ങൾ വെളിപ്പെടുത്താനുള്ള ഉത്തരവാദിത്വം. എന്നാൽ വിൽക്കുന്ന ആൾ ഇ–വേബിൽ എടുക്കുന്നില്ലെങ്കിൽ വാങ്ങുന്ന ആളിനോ, ട്രാൻസ്പോർട്ടർക്കോ ഇ–വേബിൽ എടുക്കാവുന്നതാണ്. ആരെടുത്താലും മൂന്ന് കൂട്ടരുടെയും രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ സന്ദേശം ലഭിക്കും. ഇ–വേബിൽ സംവിധാനത്തിൽ വിവരങ്ങൾ വെളിപ്പെടുത്തിയതിന് ശേഷം ഡിക്ലറേഷനിൽ തെറ്റുകൾ

കണ്ടെത്തുകയോ, ചരക്ക് നീക്കം നടക്കാതെ വരുകയോ ചെയ്താൽ നിശ്ചിത സമയത്തിനുള്ളിൽ ഇ-വേബിൽ എടുത്ത ആളിന് തന്നെ ക്യാൻസൽ ചെയ്യാം. കൂടാതെ ചരക്ക് സ്വീകരിക്കുന്ന ആളുടെ പേരിൽ തെറ്റായ വിവരങ്ങൾ അടങ്ങിയ ഇ -വേബിൽ നൽ കിയാൽ തിരസ്കരിക്കാനും സംവിധാനമുണ്ട്. www.keralataxes.gov.in ലെ ടാക്സ് പെയേഴ്സ് സർവ്വീസിൽ ലഭ്യമാകുന്ന ഇ-വേബിൽ ലിങ്ക് വഴി വ്യാപാരികൾക്ക് ഇ-വേബിൽ സൈറ്റിൽ ലോഗിൻ ചെയ്യാം.

**ഇ-വേബിൽ എടുക്കുന്നതിന് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ**

1) ഇ-വേബിൽ എടുക്കുന്നതിനു, ആദ്യം ഇ-വേബിൽ സൈറ്റിൽ രജിസ്റ്റർ ചെയ്യണം.ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ളവർ ജി.എസ്.ടി നമ്പർ ഉപയോഗിച്ചും. അല്ലാത്തവർ പാൻ ,ആധാർ എന്നിവ ഉപയോഗിച്ചുമാണ് രജിസ്ട്രേഷൻ എടുക്കേണ്ടത്.

2)ജി.എസ്.ടി.എന്നിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പരിലേയ്ക്കാണ് ഇ-വേബിൽ സന്ദേശങ്ങൾ ലഭിക്കുന്നത്.

വ്യാപാരികളുടെ സംശയനിവാരണത്തിനായി ജില്ലാതലത്തിൽ ഹെൽപ്പ് ഡെസ്കുകൾ തയ്യാറായിട്ടുണ്ട്. ഹെൽപ്പ് ഡെസ്കുകളുടെ ഫോൺ നമ്പറുകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.